# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1310

02..03..2017 -ൽ മറുപടിയ്ക്ക്

## സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ പാമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജിലെ വിദ്യാർത്ഥി വിഷ്ണു പ്രണോയി യുടെ ദുരൂഹ മരണത്തിന് കാരണക്കാർ കോളേജ് മാനേജ്മെന്റ് ആണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിദ്യാർത്ഥി കോപ്പിയടിച്ചുവെന്ന കള്ള ആരോപണം ഉന്നയിച്ച് വിദ്യാർത്ഥിയെ പീഡിപ്പിച്ചതായി കണ്ടെത്തിയിട്ടുണ്ടോ ; | (എ) പാമ്പാടി നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ ദുരൂഹ മരണം സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിവരുന്നതേയുള്ളൂ. കേസന്വേഷണം പൂർത്തിയായാൽ മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വ്യക്തത ലഭ്യമാകുകയുള്ളൂ. ടി വിദ്യാർത്ഥി കോപ്പിയടിച്ചതായുള്ള പരാതികളൊന്നുംതന്നെ സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | സ്വാശ്രയ കോളേജുകളുടെ പ്രവർത്തനം പരിശോധിക്കുവാൻ സർക്കാർ ഉന്നത തല സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയിലെ അംഗങ്ങൾ ആരൊക്കെയാണ്; സമിതിയുടെ പരിശോധനാ വിഷയങ്ങൾ എന്തൊക്കെയാണ്; | (ബി) യും (സി) യും | ഉണ്ട്. ജസ്റ്റീസ്.കെ.കെ.ദിനേശൻ, ഡോ.കെ.കെ.എൻ.കുറുപ്പ്, ഡോ.ആർ.വി.ജി.മേനോൻ എന്നിവരാണ് സ്വാശ്രയ കോളേജുകളിലെ പ്രശ്നങ്ങൾ പഠിക്കുവാൻ സർക്കാർ നിയോഗിച്ചിട്ടുള്ള ഉന്നത തല സമിതിയിലെ അംഗങ്ങൾ. സംസ്ഥാനത്തെ എല്ലാ സ്വാശ്രയ സ്ഥാപനങ്ങളിലും നിലവിലുള്ള എല്ലാവിധ പ്രശ്നങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനാണ് പ്രസ്തുത കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ഇന്റേണൽ അസസ്മെന്റ് സംബന്ധിച്ചുള്ള നടപടികൾക്കും പരിഷ്ക്കാരങ്ങൾക്കുമായി നാല് സർവ്വകലാശാലാ വി.സി.മാർ ഉൾപ്പെട്ട ഒരു സമിതിയേയും നിയോഗിച്ചിട്ടുണ്ട്. |
| (സി) | സ്വാശ്രയ കോളേജുകളിലെ കുട്ടികളുടെ പഠനം, പഠനേതര പ്രവർത്തനങ്ങൾ, താമസ സൗകര്യങ്ങൾ, പരീക്ഷാ നടത്തിപ്പ്, ഇന്റേണൽ അസ്സസ്മെന്റ് എന്നിവ ഉന്നത സമിതിയുടെ പരിഗണനയ്ക്ക് വരുമോ; | | |

| | | | |
|---|---|---|---|
| (ഡി) | പാമ്പാടി കോളേജിന്റെ പ്രവർത്തനം ഈ സമിതി വിലയിരുത്തി യിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കോളേജിനെ തിരെ ഉയർന്നു വന്ന ആക്ഷേപ ങ്ങളിൽ എന്ത് നടപടി സ്വീകരിക്കു വാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | 04-02-2017 -ൽ രൂപീകരിച്ച ടി സമിതി ഇതുവരെ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. നാലുമാസത്തി നുള്ളിൽ റിപ്പോർട്ട് സമർപ്പിക്കു വാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. |
| (ഇ) | സംസ്ഥാനത്ത് എത്ര സ്വാശ്രയ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഓരോ വിഭാഗത്തിലും നിലവിലുള്ള കോളേജുകളുടെ വിശദാംശം നൽകുമോ; പല സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിദ്യാർത്ഥികളെ പീഡിപ്പിക്കുന്ന തായുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇ) | സംസ്ഥാനത്ത് 141 സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 22 എണ്ണം സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ നേരിട്ടു നടത്തുന്ന വയും, 119 എണ്ണം സ്വകാര്യ മേഖലയിലുള്ളവയുമാണ്. ചില സ്വാശ്രയ കോളേജുകൾക്കെതിരെ വിദ്യാർത്ഥി പീഡനം സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | സാങ്കേതിക സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാർത്ഥികളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് ഓംബുഡ്സ്മാനെ നിയമിക്കുവാൻ സാങ്കേതിക സർവ്വകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; പ്രസ്തുത ഓംബുഡ്സ്മാന്റെ അധികാര പരിധിയിൽ വരുന്ന വിഷയങ്ങൾ എന്തൊക്കെയാണ്; | (എഫ്) | സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ അവലോകനം ചെയ്യുന്നതിനും സമയാസമയങ്ങളിലെ പ്രസ്തുത പരാതികളിൻമേൽ യുക്തമായ നടപടി സ്വീകരിക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാലയിൽ ഒരു ഓംബുഡ്സ്മാനെ നിയമിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ജി) | എഐ.സി.റ്റി.ഇ. 2012 ലെ പരാതി പരിഹാര ചട്ടങ്ങൾ പ്രകാരം സ്വാശ്രയ കോളേജുകളിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കേണ്ടതുണ്ടോ; എങ്കിൽ പ്രസ്തുത പരാതി പരിഹാര സംവിധാനത്തിൽ പരാതി നൽകി എത്ര ദിവസം കഴിഞ്ഞാണ് ഓംബുഡ്സ്മാന് പരാതി നൽകുവാൻ കഴിയുക എന്ന് വ്യക്തമാക്കാമോ? | (ജി) | എഐ.സി.റ്റി.ഇ. 2012 ലെ പരാതി പരിഹാര ചട്ടങ്ങൾ പ്രകാരം സ്വാശ്രയ കോളേജുകളിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. കോളേജിലെ പരാതി പരിഹാര സംവിധാനം വഴി പരാതി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ 6 ദിവസത്തിനുള്ളിൽ ഓംബുഡ്സ്മാന് അപ്പീൽ നൽകാവുന്നതാണ്. |

*സെക്ഷൻ ഓഫീസർ*